"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 'സ്നേഹസ്പർശം പദ്ധതി'2021-22 വർഷവും തുടരാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡിബി)വകുപ്പ്

സ.ഉ.(സാധാ) നം.486/2022/LSGD തീയതി,തിരുവനന്തപുരം, 28-02-2022

---

പരാമർശം:-
1. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.06.2021-ലെ കത്തും അനുബന്ധ രേഖകളും.
2. 14/9/2021 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.33.

ഉത്തരവ്

കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2011 മുതൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ, നഗരസഭ, കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് 'സ്നേഹസ്പർശം'. 2017-18 മുതൽ ഓരോ വർഷവും സർക്കാർ (കോ ഓർഡിനേഷൻ കമ്മിറ്റിയുടെ) അനുമതിയോടെയാണ് നടപ്പാക്കുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ ചീഫ് കോ ഓർഡിനേറ്ററും ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറുമായ സ്നേഹസ്പർശം പദ്ധതി കിഡ്നി പേഷ്യന്റ്സ് വെൽഫയർ സൊസൈറ്റി എന്ന സൊസൈറ്റിയാണ് നടപ്പിലാക്കുന്നത്. വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം, വൃക്ക മാറ്റി വച്ചവർക്ക് മരുന്ന്, ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പ്, ബോധവത്ക്കരണ ക്ലാസ്സ്, എയ്ഡ്സ് രോഗികൾക്ക് താമസസൗകര്യമൊരുക്കൽ തുടങ്ങിയവയാണ് ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ.

2. ഡയാലിസിസിന് പ്രതിമാസം 3000/-രൂപയാണ് നൽകുന്നതെന്നും ഇതിനായി ജില്ലാ പഞ്ചായത്ത് 35.00 ലക്ഷം രൂപ, കോർപ്പറേഷൻ 75.00 ലക്ഷം രൂപ, നഗരസഭകൾ 5.00 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്തുകൾ 5.00 ലക്ഷം രൂപ, ഗ്രാമ പഞ്ചായത്തുകൾ 3.00 ലക്ഷം രൂപ എന്നിങ്ങനെയാണ് ഈ വർഷം വകയിരുത്തിയിരിക്കുന്നതെന്നും ആയതിനാൽ ഈ വർഷവും പ്രോജക്ട് തുടരാൻ അനുമതി നൽകണമെന്നുള്ള കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ആവശ്യം കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (1) പ്രകാരം ലഭ്യമാക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും, മേൽ കമ്മിറ്റിയുടെ പരാമർശം 2 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2011 മുതൽ നടപ്പാക്കി വരുന്ന 'സ്നേഹസ്പർശം' പദ്ധതി 2021-22 വർഷവും തുടരാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) മുകളിൽ പറഞ്ഞ രീതിയിൽ വിഹിതം വകയിരുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ യോഗം വിളിച്ച ചേർത്ത് തീരുമാനമെടുക്കണം. മുൻ കോ ഓർഡിനേഷൻ

കമ്മിറ്റിയിൽ നിർദ്ദേശിച്ച പ്രകാരം കണക്കുകളും മറ്റും ലോക്കൽ ഫണ്ട് ഓഡിറ്റിനും C&AG ഓഡിറ്റിനും വിധേയമാക്കേണ്ടതാണ്. ഇതിനു പുറമെ ഇപ്പോൾ തുടരുന്ന ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റും നടത്തണം. ഓരോ വർഷത്തേയും പ്രവർത്തന റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കണം.

(2) ചുവടെ പറയുന്ന വ്യവസ്ഥകൾ പാലിച്ച് ഡയാലിസിസിന് നൽകുന്ന ധനസഹായം അതത് ആശുപത്രികൾക്കാണ് നൽകേണ്ടത്-

ഡയാലിസിസ് ആവശ്യമായ എല്ലാ രോഗികൾക്കും സഹായം നല്കുന്ന രീതിയാണ് സ്വീകരിക്കേണ്ടത്. ഫണ്ടിന്റെ പരിമിതി മൂലം ചിലപ്പോൾ ധനസഹായം മുടങ്ങാൻ സാധ്യതയുണ്ട്. ബി.പി.എൽ കുടുംബം, പട്ടികജാതി പട്ടിക വർഗ്ഗവിഭാഗത്തിലെ കുടുംബം, മത്സ്യത്തൊഴിലാളി കുടുംബം എന്നിവർക്കു ഈ ധനസഹായത്തിനു മുൻഗണന നല്കുന്നരീതിയിൽ അർഹതാ മാനദണ്ഡരീതി നിശ്ചയിക്കേണ്ടതാണ്. രോഗികൾക്ക് ബുദ്ധിമുട്ടൊഴിവാക്കാൻ റേഷൻ കാർഡ്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ഇതിനു മുൻപ് മറ്റാവശ്യത്തിനായി വാങ്ങിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് തുടങ്ങി ലളിതമായ രേഖകൾ ഇതിനു തെളിവായി സ്വീകരിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട് ജില്ല.

സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പിആർഡി

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 02-03-2022 11:54:25
സെക്ഷൻ ഓഫീസർ